# സൈബർ കഫേകൾക്ക് സെക്യൂരിറ്റി സൊലൂഷൻ

സൈബർ കഫേ ഉടമകൾക്കുള്ള സൗജന്യ സെക്യൂരിറ്റി സൊലൂഷൻ പുറത്തിറക്കി. ക്ലിങ് സൈബർ കഫേ മാനേജർ എന്നാണിതിനു പേര് . സൈബർ കഫേ സൊലൂഷൻ കമ്പനിയായ ഐഡിയാക്റ്റ്സ് ആണ് വികസിപ്പിച്ചത്. കൊച്ചി സിറ്റി പോലീസും ഐഡിയാക്റ്റ്സും ചേർന്ന് സംഘടിപ്പിച്ച സൈബർ ക്രൈംസെമിനാറിനോടനുബന്ധിച്ചായിരുന്നു ചടങ്ങ്. സൈബർ കഫേ സുരക്ഷയും മാനേജ്മെന്റും എന്ന വിഷയത്തിൽ ചർച്ചയും ഉണ്ടായി.

ദേശവിരുദ്ധ, തീവ്രവാദ പ്രവർത്തനങ്ങൾക്കായി സൈബർ കഫേകൾ ഉപയോഗിക്കുന്ന പ്രവണതയെക്കുറിച്ച് ഉടമകളെ ബോധവാന്മാരാക്കുന്നതിന് ഇന്ററാക്റ്റിവ് സെഷനുമുണ്ടായി.